"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.DMB1/243/2022-DMD
ദുരന്തനിവാരണ (ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 28-10-2022

<u>സർക്കുലർ</u>

വിഷയം:- ദുരന്തനിവാരണ വകുപ്പ് -പ്രകൃതിക്ഷോഭം - സംസ്ഥാന ദുരന്തപ്രതികരണ നിധി വിനിയോഗിച്ചു കൊണ്ടുള്ള റോഡുകളുടെ പുനരുദ്ധാരണം - പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെടുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കുന്നതിന് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. സ.ഉ.(കൈ) നം. 3/2018/ഡി.എം.ഡി തീയതി 27.03.2018

************************

പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് ഭരണാനുമതി നല്കിവരുന്ന പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള സൂചന സർക്കാർ ഉത്തരവ് പ്രകാരം പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുന്ന തീയതി മുതൽ ആറ് മാസത്തിനുള്ളിൽ പ്രവൃത്തി നിർവ്വഹണത്തിനായി കരാറിലേർപ്പെടേണ്ടതും ഭരണാനുമതി തീയതി മുതൽ ഒന്നര വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണെന്നും അപ്രകാരം സമയബന്ധിതമായി കരാർ വയ്ക്കാത്ത പ്രവൃത്തികളുടെ ഭരണാനുമതി റദ്ദാകുന്നതാണ് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നൽകുന്ന പുനരുദ്ധാരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിലവിൽ തയാറാക്കുന്നത് പ്രൈസ്-3 സോഫ്റ്റ്വെയറിൽ ആണെന്നും 2022 ഏപ്രിൽ 1 ന്ന പ്രൈസ്-3 സോഫ്റ്റ്വെയർ നിലവിൽ വന്നുവെങ്കിലും ആയതിനു ആവശ്യമായ പരിശീലനം സാങ്കേതിക വിഭാഗത്തിന് ലഭിച്ചിട്ടുള്ളത് 2022 ജൂലൈ മാസത്തിലാണെന്നും ആയതിനാൽ എസ്റ്റിമേറ്റ് തയാറാക്കുന്നതിന് പ്രയാസം നേരിടുന്നതായി സാങ്കേതിക വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും കൂടാതെ നിലവിൽ നിർവ്വഹണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് പ്രൈസ്-1ൽ തയാറാക്കിയ എസ്റ്റിമേറ്റുകൾ പ്രൈസ്-3 യിലേക്ക് മാറ്റി തയ്യാറാക്കേണ്ടതിനാൽ ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ച കാലയളവിനുള്ളിൽ കരാറിലേർപ്പെടാൻ സാധിക്കാത്ത സാഹചര്യമാണെന്നും അതുപോലെ ജി.എസ്.ടി നിരക്കിൽ ഉണ്ടായ വ്യത്യാസവും കാരണം എസ്റ്റിമേറ്റ് പുതുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടെന്നും ആയതിനാൽ പ്രവൃത്തികളുടെ കരാറിലേർപ്പെടാനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ജനപ്രതിനിധികളും വിവിധ ജില്ലാ കളക്ടർമാരും സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രകൃതിദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ immediatiate restoration നടത്തുന്നതിനാണ് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നും തുക അനുവദിക്കുന്നത്. ആയതിനാൽ സൂചന ഉത്തരവിൽ നിഷ്കർ ഷിച്ചിരിക്കുന്ന കലാപരിധിക്കുള്ളിൽ തന്നെ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതാണ്. പ്രൈസ് സോഫ്റ്റ് വെയർ അപ്ഡേഷൻ, ജി എസ്.ടി റിവിഷൻ എന്നീ കാരണങ്ങൾകൊണ്ട് എസ്റ്റിമേറ്റുകൾ പുതുക്കേണ്ടിവന്നതിനാൽ സമയബന്ധിതമായി കരാറിൽ ഏർപ്പെടാൻ സാധിക്കാത്ത സാഹചര്യം നിലവിലുള്ളതായി ബോധ്യമായതിനാൽ, 2022 ജനുവരി 1 മുതൽ നാളിതുവരെ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നൽകിയിരുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് കരാർ വെക്കുന്നതിന് ആവശ്യമെങ്കിൽ 6 മാസത്തെ സമയം കൂടി അനുവദിച്ചു നൽകുന്നതിന് ജില്ലാകളക്ടർമാർക്ക് അനുമതി നൽകുന്നു. ഇപ്രകാരം കരാർ വയ്ക്കുന്ന പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ജില്ലാകളക്ടർമാർ ഉറപ്പാക്കേണ്ടതാണ്.

ANURADHA K C
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

**Signed by Devi K G**
**Date: 29-10-2022 09:00:49**

സെക്ഷൻ ഓഫീസർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
എല്ലാ ജില്ലാകളക്ടർമാർക്കും
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് : മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
വെബ് & ന്യൂമീഡിയ, ഐ& പി.ആർ.ഡി
ദുരന്തനിവാരണ (എ) വകുപ്പ്
ദുരന്തനിവാരണ (എ3) സീറ്റ്